# ഭീകരതയും മാധ്യമങ്ങളും

**മാധ്യമങ്ങളുടെ** പക്ഷപാതപരമായ ഇടപെടലുകൾ ഇരകളെ വേട്ടക്കാരാക്കുകയും വേട്ടക്കാരെ ഇരകളാക്കുകയും ചെയ്യുന്നു. പാശ്ചാത്യ മീഡിയയുടെ ചുവടുപിടിച്ചുകൊണ്ടാണ് ഇന്ത്യയിലെ പ്രിന്റ് മീഡിയയും ദൃശ്യമാധ്യമങ്ങളും പ്രവർത്തിക്കുന്നത്. പൊതുമുതൽ നശിപ്പിക്കുന്നത് വൻകുറ്റമായിട്ടാണ് നിയമം കാണുന്നത്. നിർഭാഗ്യവശാൽ, ഒരുവിഭാഗം അത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമ്പോൾ ഭീകരാക്രമണമായി ചിത്രീകരിക്കപ്പെടുന്നു. അതേ കുറ്റം ചെയ്യുന്ന മറ്റുള്ളവരോ? ബാബരി മസ്ജിദിന്റെ ധ്വംസനം അന്വേഷിച്ച ലിബർഹാൻ കമീഷൻ കുറ്റവാളികളായ 68 പേരുടെ പട്ടിക ഭരണകൂടത്തിന് സമർപ്പിച്ചിരിക്കുകയാണ്. അതിൽനിന്ന് രക്ഷപ്പെടണമെങ്കിൽ ഒറ്റപ്പെട്ട സംഭവങ്ങളെ പെരുപ്പിച്ച് കാട്ടി മാധ്യമശ്രദ്ധയും ജനശ്രദ്ധയും തിരിച്ചുവിടണമല്ലോ! അന്യമതങ്ങളെ രണ്ടു കൈയുംനീട്ടി സ്വീകരിച്ച ഭാരതത്തിലെ മുൻതലമുറയുടെ സാംസ്കാരിക പൈതൃകം ഉൾക്കൊള്ളാത്ത ചിലർ അസഹിഷ്ണുതയുടെ മൂടുപടം അണിഞ്ഞ് മതവൈരം വളർത്തി ഭാരതത്തെ കലാപഭൂമിയാക്കുകയാണ്. താടിവെച്ചവനും തൊപ്പിവെച്ചവനുമൊക്കെ അച്ചടി ദൃശ്യ മാധ്യമങ്ങളുടെയും ഫാഷിസ്റ്റുകളുടെയും ദൃഷ്ടിയിൽ ഭീകരവാദികളാണ്. ഇപ്പോൾ പർദാധാരിണികളും ആ ഗണത്തിൽപെടുന്നു. മുംബൈയിൽ വാടകക്കുപോലും വാസസ്ഥലം കിട്ടാൻ പ്രയാസപ്പെടുന്നത് ഉന്നതരായ സാംസ്കാരിക-സിനിമാ പ്രവർത്തകരാണ്. ഇത്രത്തോളം ഭയാനകമായ സാഹചര്യം സൃഷ്ടിച്ചെടുത്ത് ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുകയാണ് ഫാഷിസ്റ്റുകൾ. സ്വന്തം സംസ്കാരത്തിനും ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ബാധ്യതയിൽനിന്ന് ഭരണകൂടം ഒഴിഞ്ഞുമാറരുത്.

**ഇ. ഖാലിദ് പുന്നപ്ര, ആലപ്പുഴ**

# ന്യൂട്ടനും യുക്തിവാദിയും

**ന്യൂട്ടന്റെ** ജീവിതത്തിലെ ഒരു സംഭവം. ന്യൂട്ടൻ യന്ത്ര നിർമാതാവിന്റെ സഹായത്തോടെ സൗരവ്യൂഹത്തിന്റെ ചലിക്കുന്ന ഒരു മാതൃക ഉണ്ടാക്കി. തന്റെ ഗവേഷണ മുറിയിൽ ഈ യന്ത്രത്തിനടുത്തിരുന്ന് പുസ്തകം വായിച്ചു കൊണ്ടിരിക്കെ ദൈവനിഷേധിയും ശാസ്ത്രജ്ഞനുമായ സുഹൃത്ത് കയറിവന്നു. മേശപ്പുറത്തിരിക്കുന്ന സൗരയൂഥത്തിന്റെ മോഡൽ കണ്ട ഉടനെ അദ്ദേഹത്തിന് കാര്യം മനസിലായി. അതൊന്ന് കറക്കി നോക്കി. അതിലെ ഗ്രഹങ്ങൾ ആപേക്ഷിക വേഗതയോടെ 'സൂര്യ'ന് ചുറ്റും ചലിക്കുന്നത് അത്ഭുതത്തോടെ നോക്കിനിന്നു. അൽപം പിറകിലോട്ട് നിന്ന് ന്യൂട്ടനോട് ചോദിച്ചു; 'അത്യത്ഭുതകരം! ഇതാരുണ്ടാക്കി?' ന്യൂട്ടൻ പുസ്തകത്തിൽനിന്നും തല ഉയർത്താതെ നിർവികാരതയോടെ പറഞ്ഞു: 'അതാരും ഉണ്ടാക്കിയതല്ല.' നിരീശ്വരവാദി ന്യൂട്ടന്റെ നേരെ തിരിഞ്ഞ് വീണ്ടും ചോദിച്ചു: 'നിങ്ങൾക്ക് എന്റെ ചോദ്യം മനസിലായില്ല, ഇതാരുണ്ടാക്കി എന്നാണ് ഞാൻ ചോദിച്ചത്?' ന്യൂട്ടൻ തല ഉയർത്തി ഘനഗംഭീരമായി ഉത്തരം നൽകി: 'അതാരും ഉണ്ടാക്കിയതല്ല. താങ്കളെ അത്ഭുതപ്പെടുത്തുന്ന ഒരു ഭൗതിക വസ്തു സമാഹാരം തന്നത്താൻ വന്ന് ചേർന്ന് സ്വയം രൂപംകൊണ്ടതാണ്.' സുഹൃത്ത് അൽപം വിമ്മിട്ടത്തോടെ ചോദ്യം ആവർത്തിച്ചു. 'ഞാൻ വിഡ്ഢിയൊന്നുമല്ല, ഇതാരോ ഉണ്ടാക്കിയതാണ്, തീർച്ച. അയാൾ ഒരു അസാധാരണ ബുദ്ധിമാനുമാ

യിരിക്കണം. അതാരാണെന്നാണ് ഞാൻ ചോദിച്ചത്.' ന്യൂട്ടൻ വായിച്ചിരുന്ന പുസ്തകം മേശപ്പുറത്ത് വെച്ച് എഴുന്നേറ്റു വന്നു ഒരു കൈ സുഹൃത്തിന്റെ ചുമലിൽ വെച്ച് ശാന്തമായി പറഞ്ഞു. 'താങ്കൾ നല്ലവണ്ണം അറിയുന്ന ഒരു മഹാവ്യൂഹത്തിന്റെ കൊച്ചു പതിപ്പാണിത്. ഈ കളിപ്പാട്ടത്തിന് ഒരു ആസൂത്രകനോ നിർമാതാവോ ആവശ്യമില്ലെന്ന് പറഞ്ഞാൽ അത് സത്യമെന്ന് സമ്മതിക്കാൻ താങ്കൾ തയാറല്ല! അതേസമയം ഇതിന്റെ മോഡലും അസ്സലുമായ ഒരു ഗംഭീര സൗരവ്യൂഹം ഒരാസൂത്രകനോ നിർമാതാവോ കൂടാതെ സ്വയം ഉണ്ടായതാണെന്ന് നിങ്ങൾ ശാഠ്യം പിടിക്കുകയും ചെയ്യുന്നു. പരസ്പര വിരുദ്ധങ്ങളായ ഈ നിഗമനങ്ങളുടെ പിന്നിലുള്ള താങ്കളുടെ വിസ്മയനീയമായ യുക്തിവിചാരം എന്താണെന്ന് എന്നെ ധരിപ്പിച്ചാലും!' ഒരക്ഷരം ഉരിയാടാതെ ചിന്താമഗ്നനായി സ്നേഹിതൻ മുറിവിട്ടിറങ്ങി.

**നൗഷാദ് എടയൂർ**

# ചാന്ദ് റാണിയും ലിസിമാത്യുവും പറഞ്ഞത്

**വനിതാ** പ്രമുഖരെ അണിനിരത്തി *പ്രബോധനം* സംഘടിപ്പിച്ച ചർച്ചയിൽ പലരും സ്ത്രീശാക്തീകരണത്തിനുള്ള തടസ്സമായി പർദയെ അവതരിപ്പിച്ചത് രസാവഹമായി. ഇസ്ലാമിക ചരിത്രത്തിലെവിടെയും സ്ത്രീക്ക് ജീവിതത്തിന്റെ ബഹുമുഖ മണ്ഡലങ്ങളിലെ പ്രയാണത്തിൽ പർദ ഒരു തടസ്സമായി മാറിയ അനുഭവമില്ല.

ഇസ്ലാമിക ചരിത്രത്തിലെ പ്രസിദ്ധമായ ജമൽ യുദ്ധത്തിൽ നബിപത്നി ആഇശ(റ)യും രാഷ്ട്രീയ കാര്യങ്ങളിൽ സജീവമായി പങ്കെടുത്ത നബിപുത്രി ഫാത്തിമയും യുദ്ധക്കളത്തിൽ തിളങ്ങിയ സൈനബയും ഉമ്മുസൽമ, ഉമ്മുനഫീസ തുടങ്ങിയ വനിതകളും 'ഖൻസാഅ്' എന്ന കവയിത്രിയും ഖലീഫ ഉമറിനെ പ്രമാണങ്ങളുദ്ധരിച്ച് ചോദ്യം ചെയ്ത് തെറ്റ് തിരുത്തിച്ച സ്ത്രീയും പർദാ ധാരിണികളായിരുന്നു. അവർ അടിമത്തത്തിന്റെ പ്രകടനമാണോ കാഴ്ചവെച്ചത്? "പള്ളികളിലും പ്രസംഗ മണ്ഡലങ്ങളിലും എന്തിന് ജീവിതത്തിന്റെ സമസ്ത തലങ്ങളിലും സ്ത്രീത്വം ജ്വലിച്ചു നിന്നു" (*ശരീഅത്ത് മിഥ്യയും യാഥാർഥ്യവും* – ഹമീദ് ചേന്ദമംഗല്ലൂർ, കെ.ഇ.എൻ കുഞ്ഞഹമ്മദ്) എന്ന് വിശേഷിപ്പിക്കപ്പെടുന്ന മുസ്ലിം സ്ത്രീ പർദാ ധാരിണിയായിരുന്നുവെന്ന യാഥാർഥ്യം പർദ അടിമത്തത്തിന്റെ സിംബലാണെന്ന് പറയുന്നവർ അറിയണം.

ആധുനിക യുഗത്തിലും വിവിധ രംഗങ്ങളിൽ സജീവ പങ്ക് വഹിക്കുന്നതിൽ പർദ ഒരു തടസ്സവും സൃഷ്ടിക്കുന്നില്ലെന്ന് ലോകത്തെങ്ങുമുള്ള മുസ്ലിം വനിതകൾ പ്രായോഗികമായി തെളിയിച്ചുകൊണ്ടിരിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിണിയാളായി ഇറാൻ അടക്കി വാണിരുന്ന റിസാഷാ പഹ്ലവിയെ കെട്ടുകെട്ടിച്ച ഇസ്ലാമിക വിപ്ലവത്തിൽ പങ്കെടുത്ത പർദാധാരിണികൾ അടിമത്തത്തിന്റെ ചിത്രമാണോ കാഴ്ചവെച്ചത്? അഫ്ഗാനിൽ ചെമ്പടയെ മുട്ടുകുത്തിച്ച സ്ത്രീകളെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ഇറാനിലെ കോളേജ്, യൂനിവേഴ്സിറ്റി പ്രഫസർമാരിൽ 15 ശതമാനവും, ബിരുദധാരിണികളിൽ മൂന്നിലൊന്നും, യൂനിവേഴ്സിറ്റി വിദ്യാർഥികളിൽ 50 ശതമാനത്തിലധികവും, ആരോഗ്യവകുപ്പിൽ ജോലി ചെയ്യുന്ന 12 ലക്ഷവും, അവിടുത്തെ 5 വൈസ് പ്രസിഡന്റുമാരിൽ ഒരാളും പർദാധാരിണികളാണെന്ന യാഥാർഥ്യം കാണാതെ പോകരുത്. 'വിദ്യ അഭ്യസിക്കാനും പുറത്തിറങ്ങി ജോലിചെയ്യാനും ദാമ്പത്യബന്ധം തുടരാനാകാതെ വരുമ്പോൾ വിവാഹമോചനം നേടാനും അവകാശമുള്ള സ്ത്രീകൾ' എന്ന് *ഹിന്ദു* ലേഖിക പ്രശംസിച്ച ഇറാൻ വനിതകൾ (*ദ ഹിന്ദു* 20.07.1997) ധരിക്കുന്ന പർദ അടിമത്തത്തിന്റെ ഏത് ബ്രാന്റിൽ പെടും?

അറബ്-ഗൾഫ് നാടുകളിൽ ഔദ്യോഗിക തൊഴിൽ രംഗത്ത് സ്ത്രീ-പുരുഷ സമത്വം സർവത്ര ദൃശ്യമാണ്. കമ്പ്യൂട്ടർ പരിജ്ഞാനത്തിലും സാങ്കേതിക വിദ്യയിലും കായികരംഗത്തുമെല്ലാം സ്ത്രീകൾ മുൻനിരയിൽ തന്നെയുണ്ട്. ബഹ്റൈൻ തൊഴിൽ മന്ത്രാലയത്തിൽ ജോലി ചെയ്യുന്നവരിൽ 65 ശതമാനത്തിലധികം സ്ത്രീകളാണ്. അൽഐൻ സർവകലാശാലയിൽ 50 ശതമാനത്തോളം പഠിതാക്കൾ വിദ്യാർഥിനികളാണ്. സുഊദി അറേബ്യയിലെ ഡോക്ടർമാരിൽ 50 ശതമാനവും വനിതകളാണ്.

ജീവിതത്തിൽ എന്നും ആഗ്രഹിച്ചിരുന്ന സുരക്ഷിതത്വം പർദക്കുള്ളിലാണ് തനിക്ക് ലഭിക്കുന്നതെന്ന് പറഞ്ഞ കമലാ സുറയ്യയും (*മാതൃഭൂമി* വരാന്തപ്പതിപ്പ്, 2002 ജൂലൈ 9), ഒരു കുടുംബത്തിന്റെ സൽപേരും മാന്യതയും കാത്തുസൂക്ഷിക്കാനും രക്ഷിക്കാനുമുള്ള ഉപാധികളായ ശാലീനതയോടും സ്വാഭിമാനത്തോടും ബന്ധപ്പെട്ടതാണ് സ്ത്രീകളുടെ പർദ (ഹമാരി മുശ്കിലാത്ത്) എന്ന് പ്രഖ്യാപിക്കുന്ന ഹിന്ദുവനിത ചാന്ദ് റാണിയും, സ്വന്തം പുരുഷന്റെ മുന്നിൽ മാത്രം ലാവണ്യം പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടുന്ന ഭാരതസ്ത്രീക്ക് പർദയേക്കാൾ ഇണങ്ങുന്ന വേഷമില്ലെന്നും തന്റെ രൂപസൗന്ദര്യം കൊത്തിവലിക്കുന്ന കണ്ണുകളിൽനിന്ന് രക്ഷപ്പെടാനിഛിക്കുന്നവർക്കും ആകാര സൗകുമാര്യമില്ലാത്ത തന്റെ രൂപം മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടാത്തവർക്കും ഒരുപോലെ യോജിക്കുന്ന മറ്റൊരു വേഷം പർദയെപോലെ മറ്റൊന്നില്ലെന്നു പറഞ്ഞ ഡോ. ലിസി മാത്യുവും (*വാരാദ്യമാധ്യമം* 1999 ഡിസംബർ 26) പർദാ വിമർശനത്തെ ചോദ്യം ചെയ്യുകയാണ്.

പർദാ വിമർശനത്തിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന ലക്ഷ്യം മുസ്‌ലിംസ്ത്രീകളോടുള്ള ഗുണകാംക്ഷയല്ലെന്ന് സുതരാം വ്യക്തമാണ്. വിജു വി. നായരുടെ നിരീക്ഷണം ഇക്കാര്യം വിളിച്ചു പറയുന്നു: "പർദയിട്ട പെണ്ണിന്റെ നിഴല് കണ്ടാൽ മതി നമ്മുടെ ലിബറലിസം പെട്ടെന്ന് ജ്വലിക്കും. സ്വന്തം വീട് തൊട്ട് പാർലമെന്റ് വരെ ലിംഗസമത്വത്തിന്റെ കൂടാരമാക്കി വെച്ചിരിക്കുന്നവർക്കാണ് ഈ ചൊറിച്ചിൽ കലശലാവുക. നമ്മുടെ പത്രം, വാരികകൾ, ചാനലുകൾ എന്നിവയിൽ സ്ത്രീ സംബന്ധമായ വാർത്തകളിൽ ഈ മുസ്‌ലിം സ്ത്രീ താൽപര്യം കഴിഞ്ഞ 10 കൊല്ലമായിട്ടാണ് കൂടിയിരിക്കുന്നത്. അതിൽ കുഴപ്പമൊന്നുമില്ല. പക്ഷേ, ഇസ്‌ലാമിന്റെ ഇരയാണ് മുസ്‌ലിം സ്ത്രീ എന്ന ആംഗിളിലേക്ക് വായനക്കാരെ കൊണ്ടെത്തിക്കാൻ വേണ്ട വിഭവങ്ങളിലാണ് മിക്കപ്പോഴും കണ്ണ്. ലിംഗാസമത്വം ഈ ഒരു മതലോകത്ത് മാത്രമല്ല. പക്ഷേ മറ്റൊരു മതത്തിന്റെ കാര്യത്തിലും ഈ പ്രത്യേക ശ്രദ്ധ നമ്മുടെ മാധ്യമങ്ങൾ കാണിക്കാറില്ല. പർദയിട്ട സ്ത്രീ പാരമ്പര്യത്തിന്റെയും പർദയൂരിയാൽ വിമോചനത്തിന്റെയും പ്രതീകമാക്കപ്പെടുന്നതിലെ ലക്ഷ്യം, സ്ത്രീയും ലിംഗനീതിയുമൊന്നുമല്ലെന്ന് തിരിച്ചറിയാൻ പ്രയാസമില്ല" ('നവലിബറൽ കാലത്തെ ഇസ്‌ലാം വായന' – വിജു വി. നായർ. മാധ്യമം വാരിക 2008 ജൂലൈ 14).

**റഹ്മാൻ മധുരക്കുഴി**

# അവർക്കും സവർണ പൊതുബോധം

**'ആദർശവ്യതിയാനം** സുന്നി-ജമാഅത്ത് സാഹിത്യങ്ങളിൽ' എന്ന ഒരു പുസ്തകം ഈയിടെ കാണാനിടയായി. മുജാഹിദ് സംഘടന പ്രസിദ്ധീകരിച്ച പുസ്തകം കൗതുകപൂർവം മറിച്ചുനോക്കിയപ്പോഴാണ് രസം തോന്നിയത്. ഇരുപത്തഞ്ചോളം അധ്യായങ്ങളും ഇരുനൂറിലധികം പേജുള്ള പുസ്തകത്തിൽ ജമാഅത്തിന്റെ 'ആദർശവ്യതിയാന'ത്തെപ്പറ്റി പ്രതിപാദിക്കുന്നത് രണ്ട് അധ്യായങ്ങളിലായി മൊത്തം നാല് പേജിൽ! പതിവു വിഷയം തന്നെ – മൗദൂദിയും ജനാധിപത്യവും. അതുകണ്ടപ്പോൾ ഓർമ വന്നത് *മാതൃഭൂമി* ആഴ്ചപ്പതിപ്പിന്റെ ചില ലക്കങ്ങൾ. (പ്രമുഖ ആക്ടിവിസ്റ്റ്

സി.ആർ നീലകണ്ഠനുമായുള്ള ആഴ്ചപ്പതിപ്പിന്റെ 15 ലധികം പേജുകൾ നീണ്ട സുദീർഘമായ അഭിമുഖത്തിൽ സോളിഡാരിറ്റിയെക്കുറിച്ച് ഒരു ചോദ്യവും നാലഞ്ച് വാചകങ്ങളിലുള്ള മറുപടിയും. പക്ഷേ, കവർ പേജിൽ കൊടുത്തത് സോളിഡാരിറ്റിയെ അനുകൂലിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തെ കുറ്റപ്പെടുത്തുന്ന തരത്തിലുള്ള തലക്കെട്ട്!) സവർണ പൊതുബോധത്തിലെ ഇസ്‌ലാം വിരുദ്ധത സമർഥമായി ചൂഷണം ചെയ്യുന്ന ആഴ്ചപ്പതിപ്പിന്റെ വിപണന തന്ത്രം മനസ്സിലാക്കാം. എന്നാൽ, ശിർക്കിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ അതിൽ ഇസ്‌ലാമിക പ്രസ്ഥാന വിരോധം സ്വൽപം ഏച്ചുകെട്ടി കവർപേജിൽ പ്രദർശിപ്പിച്ചാലേ ചെലവാകൂ എന്ന ധാരണ 'ഇസ്‌ലാഹീ' സംഘടന വെച്ചുപുലർത്തുന്നത് സങ്കടകരം തന്നെ.

ഇത് ഒരു പുസ്തകത്തിന്റെ പേരിൽ രൂപപ്പെട്ട അനുമാനമല്ല. *ശബാബ്* വാരികയുടെ ഓരോ ലക്കം മറിച്ചു നോക്കുമ്പോഴും ഈ ധാരണ ബലപ്പെടും. ജമാഅത്തിനെ വിമർശിക്കാൻ നാലഞ്ച് പേജ് ചെലവഴിച്ചില്ലെങ്കിൽ ഒരു കുറച്ചിൽ ഉള്ളതുപോലെ. ഒട്ടേറെ തവണ മറുപടി നൽകപ്പെട്ട ചില താത്ത്വിക പ്രശ്നങ്ങളെ കുറിച്ച് സാദാ ശൈലിയിൽ ചർവിത ചർവണം നടത്തുന്നു!

**ഇബ്നുഹാശിം മാഹി**
ibnuhashimmahe@gmail.com

# മധുരമില്ലാത്ത പ്രതിഫലം

**പള്ളി** ഭാരവാഹികളുടെയും ശ്രോതാക്കളുടെയും സമീപനം തന്നെയാണ് ഖത്വീബ് ക്ഷാമത്തിന്റെ പ്രധാനകാരണം. എല്ലാവർക്കും ഉഗ്രൻ പ്രസംഗകരെ തന്നെ വേണം. പരിചയസമ്പന്നരാവണം. മിമ്പർ കിട്ടിയാലല്ലേ പരിചയിക്കാനാവൂ. അതാരും ചിന്തിക്കുന്നില്ല. പ്രസംഗിച്ച് ശീലമില്ലാത്ത ഒരാൾ ഖുത്വ്ബ പറഞ്ഞാൽ സ്വാഭാവികമായും പോരായ്മകളുണ്ടാവും. തുടക്കത്തിൽതന്നെ ആരെങ്കിലും നന്നായി പ്രസംഗിച്ച ചരിത്രമുണ്ടോ? പക്ഷേ, അത്തരക്കാരെ 'കൈകാര്യം' ചെയ്യുന്ന രീതിയാണ് പ്രശ്നം!

പോരായ്മകൾ കണ്ടെത്തി ആക്ഷേപിക്കാൻ പലരും മുൻപന്തിയിലുണ്ടാകും. പ്രോത്സാഹിപ്പിക്കാൻ പിശുക്ക് കാണിക്കും. അങ്ങനെ ഒരു പുതുമുഖം കന്നി പ്രസംഗത്തോടെ ആത്മവിശ്വാസം നഷ്ടപ്പെട്ട് വിട പറയുന്നു. നമ്മുടെ പൂർവികർ പുതുമുഖങ്ങളെ പോരായ്മകൾ നിരത്തി മൂലയിലിരുത്തിയിരുന്നെങ്കിൽ ഇന്നത്തെ പല നേതാക്കളെയും നാം കാണുമായിരുന്നില്ല.

പള്ളി ഇമാമുമാരോടുള്ള സമീപനവും വിലയിരുത്തേണ്ടതുണ്ട്. യാഥാസ്ഥിതിക വിഭാഗങ്ങൾ അവർക്ക് നൽകുന്ന അംഗീകാരവും ആദരവും നമുക്കിടയിൽ തീരെ കാണാറില്ല. പൗരോഹിത്യത്തിനെതിരെ പടവാളുയർത്തിയപ്പോൾ കൈമോശം വന്നതാകാം അത്.

ദീനീ സ്ഥാപനങ്ങളിൽനിന്ന് പുറത്തിറങ്ങുന്നവർ അനുഭവിക്കുന്ന മറ്റൊരു പ്രയാസം, അവർ നമ്മുടെ തന്നെ സ്ഥാപനങ്ങളിൽ ജോലിക്ക് വന്നാൽ ബി.എഡും പി.ജി.യുമുള്ളവർക്ക് നൽകുന്ന ശമ്പളം അവർക്ക് നൽകാൻ പല മാനേജ്മെന്റുകളും തയാറല്ല. ഇത് വലിയ അനീതിയാണ്. അവർ ഇസ്‌ലാമിക കലാലയങ്ങളിൽ പഠിച്ചത് ബി.എഡും പി.ജി.യും എടുക്കാൻ ബുദ്ധിയോ സാഹചര്യമോ ഇല്ലാഞ്ഞിട്ടല്ലല്ലോ. മറിച്ച്, പ്രസ്ഥാനത്തെ പരമാവധി സേവിക്കാൻ തന്നെയാണ്. പക്ഷേ, അതിന് അവർക്ക് ലഭിക്കുന്ന പ്രതിഫലത്തിന് മധുരമല്ല, കയ്പാണുള്ളത്!

**യഹ്‌യ മേലാറ്റൂർ**
yahyacm@gmail.com

# വനിതാ സമ്മേളനത്തോട് ചാനലുകൾ ചെയ്തതെന്ത്?

**കേരളത്തിലെ** മിക്ക ചാനലുകൾക്കും ഒളിയജണ്ടയുണ്ടെന്നതിന് തെളിവാണ് ജനുവരി 24-ന് കുറ്റിപ്പുറത്ത് നടന്ന കേരള വനിതാ സമ്മേളനത്തോട് അവ സ്വീകരിച്ച സമീപനം. ലക്ഷക്കണക്കിന് സ്ത്രീകൾ ഒത്തുകൂടിയ മഹാസമ്മേളനം ചാനലുകൾക്ക് വിഷയമായില്ല; സ്പോർൺസേർഡ് പ്രോഗ്രാമൊഴിച്ച്.

രണ്ട് ദിവസം മുമ്പ് ബുർഖയെക്കുറിച്ച്, കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇന്ത്യാവിഷൻ എം.എൻ കാരശ്ശേരി, ലീലാമേനോൻ, ഖമറുന്നിസ അൻവർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് 'ഇസ്ലാമോഫോബിയ' ചർച്ച ചെയ്യുകയുണ്ടായി; ആഗ്രഹിച്ചത്ര ക്ലിക്കായില്ലെന്നു മാത്രം.

ഈ അവഗണനയുടെ കാരണം വ്യക്തമാണ്. ഇസ്ലാമിക പ്രസ്ഥാനം മുമ്പോട്ടു കുതിച്ചുകൊണ്ടിരിക്കുകയാണ്. അതിന് തടയിടാൻ മുസ്ലിം സാമുദായിക സംഘടനകൾ തന്നെ രംഗത്തുള്ളപ്പോൾ ഇസ്ലാമിന്റെ എതിരാളികൾക്ക് അവരുടെ ഒളിയജണ്ടകൾ നടപ്പിലാക്കാൻ എളുപ്പമാണ്. ജമാഅത്തിനെ എതിർക്കുന്ന മിക്ക സംഘടനകളുടെയും പരിപാടികൾ ലൈവായി കാണിക്കുന്നു.

മൂസാ നബി(അ)യുടെ വടിപോലെ ഒരു പത്രമുണ്ടല്ലോ നമുക്ക്. ഇനി മൂസാനബിയുടെ വലതു കൈയിലെ പ്രകാശം പോലെ ഒരു ദൃശ്യമാധ്യമവും അല്ലാഹു നമുക്ക് പ്രദാനം ചെയ്യട്ടെ എന്ന് പ്രാർഥിക്കുന്നു.

**എ. മാലിക് ജിദ്ദ**

# ആത്മപ്രശംസ കൂടുന്നു

**പരിശുദ്ധ** ഖുർആൻ കൈകാര്യം ചെയ്യുമ്പോൾ *പ്രബോധനം* ചിലപ്പോഴെങ്കിലും അശ്രദ്ധ കാണിക്കുന്നു. 25-ാം ലക്കത്തിൽ 37:103 സൂക്തം ശീർഷകമായിത്തന്നെ കൊടുത്തത് 'ഫലമ്മാ' എന്നതിനു പകരം 'വലമ്മാ' എന്നാണ്. വിവർത്തനത്തിലും ഇതിന്നനുസരിച്ച് തെറ്റുണ്ട്. ഈ തെറ്റ് ഇതേവരെ തിരുത്തിക്കണ്ടില്ല. 27ാം ലക്കത്തിൽ സൂറ *മുനാഫിഖൂനി*ലെ സൂക്തത്തെ സൂറ *ഖസ്വസ്വി*ലെ 11ാം സൂക്തം ആയി കൊടുത്തതും തെറ്റാണ്. (സമയത്തിന്റെ വിലയറിയുമോ? എന്ന കത്ത്). 28ാം ലക്കത്തിൽ 'ലിബർഹാൻ റിപ്പോർട്ടും കോൺഗ്രസിന്റെ പങ്കും' എന്ന കത്ത് (എം. അശ്റഫ് ഫൈസി, കാവനൂർ) ഡിസംബർ 9ന്റെ *സിറാജ്* ദിനപത്രത്തിൽ (ഗൾഫ് എഡിഷൻ) വന്ന '...സങ്കട ഹർജിക്കു മഹാസങ്കടം മറുപടി' എന്ന കുറിപ്പിലെ വാചകങ്ങൾ അപ്പടി പകർത്തിയതാണ്. 'കത്തുകൾ' പംക്തിയിൽ വരുന്നതിലേറിയ പങ്കും തീർത്തും ആത്മപ്രശംസാ രൂപത്തിലാവുന്നത് *പ്രബോധനം* ഇതപര്യന്തം പുലർത്തി വന്ന മഹൽ പാരമ്പര്യത്തിന് നിരക്കാത്തതാണ്. 30ാം ലക്കത്തിലെ 'തീവ്രവാദം അരുത്' എന്ന ലേഖനം ചർവിത ചർവണമായി. വായനയിൽ ആഴക്കുറവ് അനുഭവപ്പെടുന്നു.

**അബ്ദുറഊദ്ബിൻ അഹ്മദ്**
**ദേര, ദുബൈ**

# രാജ്യസ്നേഹം വിളിച്ചു പറയേണ്ടതോ..?!

**മുസ്ലിം** സമൂഹം വല്ലാത്ത അരക്ഷിതാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഓരോ മുസ്ലിമും തന്റെ രാജ്യസ്നേഹവും ദേശക്കൂറും നിരന്തരം വിളിച്ചു പറയേണ്ട ഗതികേടിലാണ്. പത്തു മാസം നൊന്തു പ്രസവിച്ച മകന്റെ മയ്യിത്ത് കാണണ്ട എന്ന് പറഞ്ഞുകൊണ്ടാണ് ഉമ്മമാർ ദേശക്കൂറ് തെളിയിക്കുന്നത്.

രാജ്യസ്നേഹം മുസ്‌ലിമിന് അനുപേക്ഷണീയമാണ്. മാതൃരാജ്യസ്നേഹം നബിയുടെ തന്നെ അനുഭവമായിരുന്നു. മക്കയിലെ ഖുറൈശി കിങ്കരന്മാരുടെ മർദന പീഡന മുറകൾ സഹിക്ക വയ്യാതെ മദീനയിലേക്ക് ഹിജ്റ പോയപ്പോൾ പ്രവാചകൻ മക്കയെ നോക്കി പറഞ്ഞു: 'അല്ലാഹുവാണ, ദൈവത്തിന്റെ ഭൂമിയിൽ എനിക്കേറ്റവും പ്രിയപ്പെട്ടവൾ നീയാണ്. ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട മണ്ണും നീ തന്നെ. നിന്റെ നാട്ടുകാർ എന്നെ ബലാൽക്കാരമായി പുറത്താക്കിയില്ലായിരുന്നെങ്കിൽ ഞാൻ നിന്നെ വിട്ടുപോകുമായിരുന്നില്ല.'

ദേശസ്നേഹം മുസ്‌ലിംകളുടെ ബാധ്യതയാണെന്ന് തിരിച്ചറിഞ്ഞ മഹാ കവിയായിരുന്നു അല്ലാമാ മുഹമ്മദ് ഇഖ്ബാൽ. അതുകൊണ്ടാണല്ലോ 'സാരേ ജഹാംസെ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ' എന്ന വരികൾ നമുക്ക് ലഭിച്ചത്. അതുപോലെ, 1803-ൽ ബ്രിട്ടീഷുകാർ ഇന്ത്യയെ ആക്രമിച്ചപ്പോൾ അവർക്കെതിരെ സായുധ സമരത്തിന് ഫത്‌വ നൽകിയ ശാഹ് അബ്ദുൽ അസീസ് ദഹ്‌ലവിയുടെ രാജ്യസ്നേഹം ഏത് സ്കെയിൽ വെച്ചാണ് നാം അളക്കേണ്ടത്. ചരിത്രത്തിൽ ഒരുപാട് പേരെ ഇതുപോലെ കണ്ടെത്താൻ കഴിയും. ഒരിക്കലും വിളിച്ചു പറയേണ്ട ഒന്നല്ല ദേശസ്നേഹം. അത് മനസ്സിൽ ഉറക്കേണ്ടതും ആവശ്യാനുസരണം പുറത്തുവരേണ്ടതുമാണ്.

**ഇബ്നു അബ്ദുസ്സത്താർ**
**ആലിയ അറബിക് കോളേജ് കാസർകോട്**

# ചുരുക്കെഴുത്ത്

**മുൻകാല** നേതാക്കളുമായി നടന്നുവരുന്ന അഭിമുഖ പരമ്പരയിലെ സ്ഥിരം ഇനമായിരിക്കുന്നു '*പ്രബോധനം* ത്യാഗസ്മരണകൾ.'

*പ്രബോധന*ത്തെയോ അതിന് പിന്നിലെ ത്യാഗങ്ങളെയോ ഒരർഥത്തിലും കുറച്ച് കാണുകയല്ല, മറിച്ച് മുസ്‌ലിംകളല്ലാത്തവരും ജമാഅത്തുമായി സംഘടനാ ബന്ധമില്ലാത്തവരുമടങ്ങിയ നിരവധി വായനക്കാരുള്ള ഈ പ്രസിദ്ധീകരണം 'ഇങ്ങനെ വൈകാരിക സ്മരണകളിൽ' പുളകം കൊള്ളുമ്പോഴുണ്ടാകുന്ന ആവർത്തന വിരസത ചൂണ്ടിക്കാണിക്കുന്നുവെന്ന് മാത്രം.

**കെ.കെ നിഷ്താർ ചേലേരി**
**ഷാർജ**
knishthar@yahoo.com

**എന്താണ്** ഇമാം/ഖത്വീബ് ക്ഷാമത്തിന്റെ കാരണം? നല്ലൊരു ശതമാനം പ്രസംഗകരും ഇമാമുമാരും ഗൾഫിലാണ് ജോലി ചെയ്യുന്നത്. കാരണം മറ്റൊന്നുമല്ല, അവർക്കും ജീവിക്കണം.

കാര്യമായ വിദ്യാഭ്യാസ യോഗ്യതയോ നൈപുണിയോ ആവശ്യമില്ലാത്ത കൂലിപ്പണിക്കാർക്കു പോലും 8 മണിക്കൂർ ജോലിക്ക് 300/350 രൂപ നൽകുന്ന ഇക്കാലത്ത് 24 മണിക്കൂറും പള്ളികളിൽ കഴിയേണ്ടിവരുന്ന, മറ്റു വരുമാന സ്രോതസ്സുകളില്ലാത്ത വിദ്യാസമ്പന്നരായ ഇമാമുമാർക്ക് നൽകുന്ന ശമ്പളമെത്രയാണ്?! ഉത്തരവാദിത്വങ്ങളോ? 'പള്ളികളിലെ സേവനം ഒരു ജോലിയായി കാണരുത്. അല്ലാഹുവിങ്കൽ പ്രതിഫലം ലഭിക്കുന്ന മഹത്തായ കർമമാണ്' എന്ന ഉപദേശം കൊണ്ട് ഒരു കുടുംബത്തിന് ജീവിച്ച് പോകാൻ കഴിയുമോ?

**ടി. ശരീഫ് കുറ്റിക്കാട്ടൂർ**